പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3087

15.2.2013- ൽ
മറുപടിക്ക്

## കയർ വ്യവസായ മേഖലയിലെ വേതന പരിഷ്കരണം

| ചോദ്യം<br><br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ചെറുകിട കയർ വ്യവസായമേഖലയിലും മറ്റും പണി യെടുക്കുന്ന തൊഴിലാളികളുടെ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) കയർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കാൻ വിളിച്ചു കൂട്ടിയ യോഗത്തിൽ തൊഴിലാളികളുടെ പല പ്രശ്നങ്ങളും ചൂണ്ടിക്കാട്ടിയിരുന്നു. അവ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) തൊഴിൽ/കയർപിരിമേഖലയിലും ഫാക്ടറിമേഖലയിലും പണിയെടുത്തു വരുന്ന തൊഴിലാളികളുടെ വേതനവും കയർ തൊഴിലാളികളുടെ പെൻഷനും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടിയെടുക്കുമോ ; | ബി) കയർപിരി മേഖലയിലെ കുറഞ്ഞ കൂലി മാനദണ്ഡങ്ങൾക്ക് വിധേയമായി 02.02.2012 മുതൽ 210/- രൂപയായും, ഉൽപ്പന്നമേഖലയിലെ കുറഞ്ഞകൂലി 285/- രൂപയായി 08/08/2011 മുതൽ പ്രാബല്യത്തോടെയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികളുടെ പെൻഷൻ 400/- രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) ഉല്പാദനച്ചെലവിനനുസരിച്ച് കയറിന്റെ വില നിശ്ചയിച്ച് സംഭരണത്തിനുള്ള ശ്രമം ഉണ്ടാകുമോ ; | (സി) സർക്കാർ അംഗീകരിച്ച അഡ്ഹോക്ക് പ്രൈസ്പ്രകാരമാണ് കയർഫെഡ് സംഭരണവും വിപണനവും നടത്തിവരുന്നത്. വില നിർണ്ണയത്തിനായി നിയോഗിച്ചിട്ടുള്ള കമ്മീഷന്റെ ശുപാർശകൾ കൂടി കണക്കിലെടുത്ത് നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| ഡി) കയർ സഹകരണസംഘം ജീവനക്കാർക്ക് മിനിമം ശമ്പളവും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും സർക്കാർ ഉറപ്പാക്കുമോ ; | ഡി) കയർ സഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചുകൊണ്ട് 23.11.2012- ൽ സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് മിനിമം ശമ്പളവും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ട്. |
| ഇ) കയറുൽപന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട ആഗോള ശ്രദ്ധയാകർഷിക്കത്തക്ക ഫെസ്റ്റുകളും മറ്റും സർക്കാർ ആഘോഷിക്കുമ്പോൾ കയർ മേഖല അടിസ്ഥാനമായി ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ കൂടി ഗൌരവമായി പരിഗണിച്ച് കാലോചിതമായ വേതന പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടിയുണ്ടാകുമോ ? | ഇ) മറ്റ് തൊഴിൽ മേഖലയെ അപേക്ഷിച്ച് കയർ മേഖലയിൽ വളരെ കുറഞ്ഞ കൂലിയാണ് തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 02.02.2012 മുതൽ 210/- രൂപയായും, ഉൽപ്പന്നമേഖലയിലെ കുറഞ്ഞകൂലി 285/- രൂപയായി 08.08.2011 മുതൽ പ്രാബല്യത്തോടെയും വർദ്ധിപ്പിച്ചു നൽകി വരുന്നത്. മാത്രമല്ല, കയറിന്റെയും മറ്റു പ്രകൃതി ദത്തനാരുകളുടെയും അന്താരാഷ്ട്രമേളയായ "കയർ കേരള 2013" ഫെബ്രുവരി 1 മുതൽ 6 വരെ ആലപ്പുഴയിൽ സംഘടിപ്പിച്ചപ്പോൾ കയർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളും മനസ്സിലാക്കി നടപടികൾ സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ